(സി) ഇപ്രകാരം പദവികൾ ലഭിച്ചിട്ടുള്ള ഒരു ഹോട്ടലിൽ ഒരു ബാർ ലൈസൻസിനു കീഴിൽ എത്ര ബാർ കൗണ്ടറുകൾ പ്രവർത്തിപ്പിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ബാർ ഹോട്ടലുകളിൽ പലതും ബാർ ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ചാണ് പ്രവർത്തിക്കുന്നത് എന്ന സംഗതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എക്സൈസ് ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;- വിശദാംശങ്ങൾ നൽകുമോ ;

(ഇ) ഇപ്രകാരമുള്ള ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ച് അനധികൃത ബാർ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നക്ഷത്ര പദവികൾ ലഭിച്ചിട്ടുള്ള 282 ബാർ ഹോട്ടലുകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഫൈവ് സ്റ്റാർ - 14

ഫോർ സ്റ്റാർ - 15

ത്രീ സ്റ്റാർ -185

(സി) സാധാരണയായി ഒരു കൗണ്ടർ കൂടാതെ, എക്സൈസ് കമ്മീഷണറുടെ അനുവാദത്തോടുകൂടി 2,5000 രൂപ വീതം ഫീസടച്ച് ബാർ ഹാളിനുള്ളിൽ കൂടുതൽ കൗണ്ടറുകൾ തുറക്കാവുന്നതാണ്.

(ഡി) പരിശോധിക്കാറുണ്ട്. ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ച് ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുവെങ്കിൽ ലൈസൻസിക്കെതിരെ കേസ് എടുത്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ച് അനധികൃത ബാർ കൗണ്ടറുകൾ പ്രവർത്തിപ്പിച്ച 15 ബാർ ഹോട്ടലുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദേശമദ്യ ചില്ലറ വില്പന കേന്ദ്രങ്ങൾ

109 (4165) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര വിദേശമദ്യ ചില്ലറ വില്പന കേന്ദ്രങ്ങളുണ്ടായിരുന്നു ;

(ബി) ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര വിദേശ മദ്യ ചില്ലറ വില്പന കേന്ദ്രങ്ങൾ നിലവിലുണ്ട് ; അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സാമ്പത്തിക വർഷം പുതുതായി എത്ര വിദേശമദ്യ ചില്ലറ വില്പന കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് അറിയിക്കുമോ ;

(ഇ) സംസ്ഥാനത്ത് എഫ്.എൽ.2 ലൈസൻസ് ഇല്ലാത്ത എത്ര വിദേശ മദ്യ ചില്ലറ വില്പനശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ബി.സി.-യുടെ കീഴിൽ 305-ഉം, കൺസ്യൂമർഫെഡിന്റെ കീഴിൽ 46-ഉം വിദേശമദ്യ ചില്ലറ വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു.

(ബി)

ജില്ല	K.S.B.C	Consumerfed
തിരുവനന്തപുരം	32	6
കൊല്ലം	30	3
ആലപ്പുഴ	22	2
പത്തനംതിട്ട	13	1
കോട്ടയം	28	4
ഇടുക്കി	26	3
എറണാകുളം	43	8
തൃശ്ശൂർ	24	4
പാലക്കാട്	25	4
മലപ്പുറം	11	1
കോഴിക്കോട്	17	4
വയനാട്	10	1
കണ്ണൂർ	14	4
കാസർഗോഡ്	10	1

(സി) കെ.എസ്.ബി.സി.യുടെ 338 -ഉം, കൺസ്യൂമർഫെഡിന്റെ 46-ഉം വിദേശ മദ്യ ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ നിലവിലുണ്ട്. സ്ഥലത്തിന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സാമ്പത്തികവർഷം പുതുതായി, പാലക്കാട് ജില്ലയിലെ മേനോൻപാറയിൽ ഒരു ചില്ലറ വിൽപ്പനശാല ആരംഭിച്ചിട്ടുണ്ട്. ഇനി എത്രയെണ്ണം ആരംഭിക്കുമെന്ന് ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല.

(ഇ) എഫ്.എൽ. 2 ലൈസൻസ്, ഇപ്പോൾ വിദേശമദ്യ ചട്ടപ്രകാരം നിലവിലില്ല.

ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ

110 (4166) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്കാണ് ജോലി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ചാരായ തൊഴിലാളികളുടെ ആശ്രിതരായ 215 പേർക്ക് ബിവറേജസ് കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകുകയും അതിൽ 184 പേർ ഇതിനകം ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

വിഷമദ്യ ദുരന്തം

111 (4167) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര വിഷമദ്യ ദുരന്തകേസ്സുകളാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത് ;

(ബി) ഈ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര വ്യാജമദ്യ ദുരന്ത കേസുകളാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത് ;

(ഡി) ഈ കേസ്സുകളുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ഒരു വിഷമദ്യ ദുരന്തകേസ്സാണ് ഉണ്ടായിട്ടുള്ളത്.

(ബി) കോടതി വിധി പ്രകാരം ഈ കേസ്സിലെ പ്രതികൾക്ക് ജീവപര്യന്തം ശിക്ഷ ലഭിക്കുകയും, അവർ ഇപ്പോൾ ജയിൽവാസം അനുഭവിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly